"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണവകുപ്പ് - WP (C) 22750/2018- അനധികൃത കൊടിമരങ്ങളും തോരണങ്ങളും ഫ്ലക്സുകളും കൊടിതോരണങ്ങളും നീക്കം ചെയ്യുന്നത് - നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ, തദ്ദേശ സ്വയംഭരണ, റവന്യൂ, പൊതുമരാമത്ത് വകുപ്പുകളുമായി ബന്ധപ്പെട്ടുവരുന്ന ചട്ടങ്ങളിൽ പ്രസ്തുത വകുപ്പുകൾ തന്നെ ഭേദഗതി വരുത്തേണ്ടതാണെന്ന് വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1173/2023/LSGD തീയതി,തിരുവനന്തപുരം, 06-06-2023

---

പരാമർശം:-
1. ബഹു. ഹൈക്കോടതിയുടെ WP (C) 22750/2018 നമ്പർ റിട്ട പെറ്റീഷനിലെ 22.03.2022 ലെ ഇടക്കാല ഉത്തരവ്.
2. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 14.12.2022 ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് പാതയോരങ്ങളിൽ വഴിയാത്രക്കാർക്കും വാഹനയാത്രക്കാർക്കും മാർഗ്ഗതടസ്സം സൃഷ്ടിച്ചുകൊണ്ട് അനധികൃതമായി സ്ഥാപിച്ചിട്ടുള്ള എല്ലാ കൊടിമരങ്ങളും തോരണങ്ങളും ഫ്ലക്സുകളും കൊടിതോരണങ്ങളും അടിയന്തിരമായി നീക്കം ചെയ്യണമെന്ന് ബഹു. കോടതി പരാമർശം (1) പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. തദ്ദേശ സ്വയംഭരണവും എക്സൈസും വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി, അഡ്വക്കേറ്റ് ജനറൽ, ഡി.ജി.പി എന്നിവരുടെ സാന്നിധ്യത്തിൽ 14.12.2022 ന് ഒരു യോഗം ചേരുകയുണ്ടായി.

പ്രസ്തുത യോഗത്തിൽ ഇത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ നിയന്ത്രണത്തിലുള്ള നിയമത്തിൽ ഭേദഗതി ചെയ്യാവുന്ന ചട്ടങ്ങളിൽ ഭേദഗതി വരുത്തണം എന്ന് പരാമർശം (2) പ്രകാരം തീരുമാനിച്ചിരുന്നു.

മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ നാഷണൽ ഹൈവേ

അതോറിറ്റി ഓഫ് ഇന്ത്യ(NHAI) യുടെ അധികാരപരിധിയിൽ സ്ഥാപിച്ചിരിക്കുന്ന അനധികൃത കൊടിമരങ്ങളും തോരണങ്ങളും ഫ്ലക്സുകളും നീക്കം ചെയ്യുന്നതിന് ബഹു.ഹൈകോടതി നിർദേശങ്ങൾ നടപ്പിലാക്കാനുള്ള നിയന്ത്രണ മാർഗങ്ങൾ സ്വീകരിക്കേണ്ടതാണ്.മേൽപ്രവർത്തനങ്ങളുടെ ഏകോപനച്ചുമതല പൊതുമരാമത്തു വകുപ്പ് നിർവഹിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ, റവന്യൂ, പൊതുമരാമത്ത്, ഗതാഗതം, വ്യവസായം എന്നീ വകുപ്പുകളുടെ അധീനതയിലുള്ള അനധികൃത ഫ്ളക്സ് ബോർഡുകൾ, കൊടിമരങ്ങൾ , തോരണങ്ങൾ, കൊടിക്കുറകൾ, പരസ്യ പ്രദർശന നിർമ്മിതികൾ, മുതലായവ നീക്കം ചെയ്യുന്നതിന് അതാത് വകുപ്പുകളുടെ നിയന്ത്രണത്തിൽ വരുന്ന വിഷയങ്ങളിൽ ബന്ധപ്പെട്ട നിയമ/ചട്ടങ്ങളിൽ പ്രസ്തുത വകുപ്പുകൾ ഭേദഗതി വരുത്തേണ്ടതാണെന്ന് നിർദേശിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ്, തിരുവനന്തപുരം.
തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
സ്റ്റേറ്റ് പോലീസ് ചീഫ്, തിരുവനന്തപുരം.
റവന്യൂ വകുപ്പ്
പൊതുമരാമത്ത് വകുപ്പ്
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Pradeesh M
Date: 06-06-2023 10:48:03